LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബിനോയ് വിശ്വം: സർ, ഈ കാലയളവിൽ ഏകദേശം മുന്നൂറോളം കേസുകൾ എടുത്തിട്ടുണ്ട്. പല കേസുകളിലും നല്ലരീതിയിലുള്ള അന്വേഷണം ഉണ്ടായിട്ടുണ്ടെന്നുമാത്രമല്ല, നക്ഷത്ര ആമ, ഇരുതലമൂരി പാമ്പ് തുടങ്ങിയവയുടെയൊക്കെ കള്ളക്കടത്ത് തടയുന്ന കാര്യത്തിൽ കേരളം വളരെ മുമ്പോട്ട് പോയിട്ടുണ്ട്. ഇവിടെ ഇപ്പോൾ മുമ്പുള്ളതിനേക്കാൾ കുറ്റകൃത്യങ്ങൾ കുറഞ്ഞിരിക്കുകയാണ്

ശ്രീ. ബി. ഡി. ദേവസ്സി: സർ, കേരള വനാതിർത്തിയോട് ചേർന്ന് വാൽപ്പാറയിൽ ആനകളുടെയും പുലികളുടെയും ആക്രമണത്തിൽ അമ്പേ വിലപ്പെട്ട ജീവനുകൾ നഷ്ടമാകുകയുണ്ടായി. തമിഴ്നാട് അതിർത്തിയിലാണ് ഇതെങ്കിലും കേരള വനാതിർത്തിയോട് ചേർന്ന പ്രദേശമാണിത്. നമ്മുടെ അതിർത്തിയിൽപ്പെട്ട മലക്കപ്പാറയിലെ തോട്ടം തൊഴിലാളികളും ആദിവാസികളും മറ്റ് ജനങ്ങളും ഭയവിഹ്വലരായി കഴിയുകയാണ്. കാട്ടുമൃഗങ്ങളുടെ ശല്യം തടയുന്നതിന് ആവശ്യമായ ജാഗ്രതയും ശക്തമായ നടപടികളും സ്വീകരിക്കുമോ?

ശ്രീ. ബിനോയ് വിശ്വം : സർ, നമ്മുടെ നാട്ടിൽത്തന്നെ വന്യജീവി ആക്രമണത്തിന്റെ ഒരുപാട് പ്രശ്നങ്ങളുണ്ട്. നമ്മൾ ഇനി വാൽപ്പാറയിൽ കൂടി പോയിട്ട് ഏറ്റെടുക്കാൻ നോക്കുന്നത് ബുദ്ധിപരമായ കാര്യമല്ല.

ശ്രീ. ബാബു പോൾ : സർ, ചന്ദനമരങ്ങളുടെയും മറ്റ് വനോൽപ്പന്നങ്ങളുടെയും മോഷണം തടയുന്നതിലും കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിലും ജീവൻപോലും ബലിയർപ്പിച്ചുകൊണ്ട് മാതൃകാപരമായി പ്രവർത്തിക്കുന്നവരാണ് വനംവകുപ്പ് മേഖലയിലെ വാച്ചർമാർ. അവരുടെ യൂണിഫോം, ഇൻഷുറൻസ് പദ്ധതി, ഐഡന്റിറ്റി കാർഡ് തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് മന്ത്രിതലത്തിലെടുത്ത തീരുമാനങ്ങൾ നടപ്പിൽവരുത്താത്തത് എന്തുകൊണ്ടാണ്? ആയതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ബിനോയ് വിശ്വം : സർ, വാച്ചർമാർ വനം വകുപ്പിന്റെ പ്രവർത്തനങ്ങളെ നല്ല അളവിൽ സഹായിക്കുന്നുണ്ട്. അവരുടെ കാര്യങ്ങളെപ്പറ്റി ഗവൺമെന്റ് പരിഗണിക്കുന്നുണ്ട്. അതിനായി മുമ്പോട്ടുപോകുന്നുമുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വ്യവസായ വികസനത്തിന് തമിഴ്നാട് മോഡൽ സ്വീകരിക്കുന്നതിനുള്ള നടപടി

5(*95) ശ്രീ. യു. സി. രാമൻ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിൽ ഏകജാലക സംവിധാനം ഏർപ്പെടുത്തിയ ശേഷം കൈവരിച്ചിട്ടുള്ള നേട്ടം വിശദമാക്കുമോ ;

(ബി) ഏകജാലക സംവിധാനം പരാജയമാണെന്നും പ്രസ്തുത സംവിധാനംമൂലം കേരളത്തിൽ വ്യവസായം മുടങ്ങാൻ കാരണമാകുന്നു എന്നുമുള്ള പ്രതികരണങ്ങളെക്കുറിച്ച് അഭിപ്രായം വ്യക്തമാക്കുമോ ;

(സി) തമിഴ്നാട്, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിൽ വ്യവസായ വികസനത്തിന് മുഖ്യമന്ത്രിമാർ നേരിട്ട് താല്പര്യമെടുക്കുന്നതുകൊണ്ട് പ്രസ്തുത സംസ്ഥാനങ്ങളിൽ വ്യവസായരംഗത്തെ വളർച്ച ത്വരിതഗതിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ തമിഴ്നാട് മോഡൽ സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ ;

(ഡി) തമിഴ്നാട്ടിൽ വ്യവസായ വികസനത്തിന് സ്വീകരിച്ചിട്ടുള്ള സംവിധാനങ്ങളെക്കുറിച്ച് പഠിച്ച്, അനുയോജ്യമായവിധം ഇവിടെ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം):

(എ) വ്യവസായ വകുപ്പിൽ ഏകജാലക സംവിധാനം ഏർപ്പെടുത്തിയ ശേഷം 31-12-2010 വരെ 1584 അപേക്ഷകൾ ലഭിച്ചതിൽ 1470 എണ്ണം തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. ഇത് ആകെ അപേക്ഷകളുടെ 93 ശതമാനം ആണ്.

(ബി) ആകെ ലഭിച്ച അപേക്ഷകളിൽ 93 ശതമാനം അപേക്ഷകളിൽ തീരുമാനമെടുത്തിട്ടുണ്ട്. ടി സംവിധാനം കേരളത്തിൽ വ്യവസായം തുടങ്ങുന്നതിന് അനുകൂല സാഹചര്യം സൃഷ്ടിച്ചിട്ടുണ്ടെന്ന് പ്രസ്തുത കണക്ക് സൂചിപ്പിക്കുന്നു. ഇപ്പോഴും ഏകജാലക സംവിധാനത്തിൽ ധാരാളം അപേക്ഷകൾ ലഭിച്ചു കൊണ്ടേയിരിക്കുന്നു. ഇത് സൂചിപ്പിക്കുന്നത് ഈ സംവിധാനം ഒരു വിജയമാണെന്നാണ്. ഏകജാലക സംവിധാനംമൂലം കേരളത്തിൽ വ്യവസായം മുടങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തമിഴ്നാട് മോഡൽ സ്വീകരിക്കുന്നതിനെ കുറിച്ച് പരിശോധിച്ചിട്ടില്ല.

(ഡി) ഇക്കാര്യം സർക്കാർ പരിശോധിച്ചിട്ടില്ല.

സ്കൂൾ കലോത്സവം

*(*86) ശ്രീ. വി. എൻ. വാസവൻ :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ സ്കൂൾ കലോത്സവം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly